സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകൾ

133 [1260] ശ്രീ. തോമസ് ഉണ്ണിയാടൻ :

" സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 372 ഔട്ട് ലെറ്റുകൾ.

(ബി) ഇനം തിരിച്ചുള്ള ലിസ്റ്റ് താഴെ കൊടുക്കുന്നു :

	പേര്	*എണ്ണം*
1.	മാവേലി സ്റ്റോർ	151
2.	ശബരി സൂപ്പർ മാർക്കറ്റ് (ലാഭം)	198
3.	മാവേലി മെഡിക്കൽ സ്റ്റോർ	22
4.	പെട്രോൾ ബങ്ക്	1
	ആകെ	372

ഗാർഹികാവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ അളവ്

134 [1261] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗാർഹികാവശ്യത്തിനായി റേഷൻ കാർഡിന് എത്ര ലിറ്റർ മണ്ണെണ്ണ അനുവദിച്ചിരുന്നു ;

(ബി) ഗാർഹികാവശ്യത്തിന് നൽകിയ പെർമിറ്റ് പ്രകാരം ഏറ്റവും കൂടുതലും കുറഞ്ഞതുമായി എത്ര ലിറ്റർ മണ്ണെണ്ണ നൽകിയിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹികാവശ്യത്തിന് റേഷൻ കാർഡും പെർമിറ്റും വഴി നൽകുന്ന മണ്ണെണ്ണയുടെ അളവെത്ര ;

(ഡി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും കേന്ദ്രത്തിൽ നിന്നും ലഭിച്ച മണ്ണെണ്ണയുടെ അളവ് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗാർഹികാവശ്യത്തിന് വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 5 ലിറ്റർ മണ്ണെണ്ണയും വിളക്ക് കത്തിക്കുന്നതിനായും പെർമിറ്റുള്ളവർക്ക് 6 ലിറ്റർ മണ്ണെണ്ണ പാചകാവശ്യത്തിനായും പ്രതിമാസം അനുവദിച്ചിരുന്നു.

(ബി) ഗാർഹികാവശ്യത്തിന് നൽകിയ പെർമിറ്റ് പ്രകാരം 2003 മാർച്ച് വരെ പാചകാവശ്യത്തിന് 6 ലിറ്റർ മണ്ണെണ്ണ നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതിനെത്തുടർന്ന് 2003 ഏപ്രിൽ മുതൽ പാചകാവശ്യ പെർമിറ്റുകൾക്ക് 3 ലിറ്റർ മണ്ണെണ്ണയാണ് നൽകിവരുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 5 ലിറ്റർ മണ്ണെണ്ണയും വിളക്ക് കത്തിക്കുന്നതിനായി പ്രതിമാസം നൽകി വരുന്നു. പാചകാവശ്യത്തിന് റേഷൻ കാർഡ് പെർമിറ്റ് വഴി 2003 മാർച്ച് വരെ 6 ലിറ്റർ മണ്ണെണ്ണയും അതിനുശേഷം 3 ലിറ്റർ മണ്ണെണ്ണയും പ്രതിമാസം നൽകുന്നുണ്ട്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പ്രതിമാസം 33174 കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചിരുന്നത്. (2001 ഫെബ്രുവരി മാസത്തെ കണക്കു പ്രകാരം). എന്നാൽ ഇപ്പോൾ പ്രതിമാസം 23172 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളു (2006 ഫെബ്രുവരി മാസത്തെ കണക്കു പ്രകാരം).

റേഷൻ വിതരണത്തിന് ലഭിച്ച അരിയുടെ കണക്ക്

135 [1262] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻ വിതരണത്തിനായി എത്ര ടൺ അരിയാണ് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ ലഭിച്ചിരുന്ന അരി എത്ര റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യാൻ സാധിച്ചിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിതരണത്തിന് ഓരോ വർഷവും ലഭിച്ച അരിയുടെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) റേഷൻ വിതരണത്തിനായി ലഭിക്കുന്ന അരി ഗോഡൗണിൽ നിന്ന് തന്നെ ഏജൻസികൾക്ക് മറിച്ചു വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly